LIBRARY ARCHIVES Kerala Legislative Assembly

കരുനാഗപ്പള്ളി മണ്ഡലത്തിലെ പൊതുമരാമത്ത് പദ്ധതികൾ

381 (1466) ശ്രീ. വി. ദിവാകരൻ : താഴെ കാണുന്ന ചോദ്യത്തിന് പൊതുമരാമത്ത് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം കരുനാഗപ്പള്ളി മണ്ഡലത്തിൽ പൊതുമരാമത്ത് വകുപ്പ് നടപ്പിലാക്കിയ പദ്ധതികൾ ഏതൊക്കെയാണ്; എത്ര രൂപയാണ് ഇതിനായി ചെലവഴിച്ചത്; ഇനിയും പൂർത്തീകരിക്കാനുള്ള പദ്ധതികൾ ഏതൊക്കെയാണ് എന്ന് അറിയിക്കുമോ?

ഉത്തരം

ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം കരുനാഗപ്പള്ളി മണ്ഡലത്തിൽ പൊതുമരാമത്ത് വകുപ്പ് നടപ്പിലാക്കിയ പദ്ധതികൾ, ഇതിനായി ചെലവഴിച്ച തുക, ഇനിയും പൂർത്തീകരിക്കാനുള്ള പദ്ധതികൾ തുടങ്ങിയ വിവരങ്ങൾ അനുബന്ധമായി ചേർത്തിരിക്കുന്നു .

തിരുവനന്തപുരം-കോഴിക്കോട് ലൈറ്റ് മെട്രോ പദ്ധതി

382 (T 1467) ശ്രീ. വി. ശിവൻകുട്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തിരുവനന്തപുരം-കോഴിക്കോട് ലൈറ്റ് മെട്രോ പദ്ധതി സംസ്ഥാന-കേന്ദ്ര ഗവൺമെന്റുകളുടെ സംയുക്ത സംരംഭമായി നടപ്പാക്കാൻ കേന്ദ്രമന്ത്രി ചർച്ചയിട്ടുണ്ടോ; പദ്ധതിക്കാവശ്യമായ മൊത്തം തുക എത്ര; ഇതിൽ കേന്ദ്ര ഗവൺമെന്റ് അനുവദിച്ച തുക എത്ര; സംസ്ഥാനം ചെലവഴിക്കുന്ന തുക എത്ര; ഭൂമി ഏറ്റെടുക്കുന്നതിന് വേണ്ടി വരുന്ന തുക എത്ര; അതിനായി ബജറ്റിൽ തുക വകയിരുത്തിയിട്ടുണ്ടോ; വ്യക്തമാക്കുമോ;

(ബി) കേന്ദ്രാനുമതിക്കായി അപേക്ഷിക്കാൻ തിരുമാനം എടുക്കുന്നത് എന്നായിരുന്നു അപേക്ഷ സമർപ്പിച്ചത് എപ്പോൾ; കേന്ദ്രാനുമതി ലഭിച്ചത് എപ്പോൾ; വിശദമാക്കുമോ?

ഉത്തരം

(എ) ഇപ്പോൾ പദ്ധതി പൂർത്തിയാക്കുന്നതിനാവശ്യമായ മൊത്തം തുക 6728 കോടി രൂപയാണ്. കേന്ദ്ര ഗവൺമെന്റ് തുകയൊന്നും അനുവദിച്ചിട്ടില്ല. സംസ്ഥാനം ചെലവാക്കേണ്ട തുക ഭൂമി ഏറ്റെടുക്കൽ ഉൾപ്പെടെ 1619 കോടി രൂപയും, ഭൂമി ഏറ്റെടുക്കുന്നതിനായി വേണ്ടി വരുന്ന തുക 341 കോടി രൂപയുമാണ്. 2015-16

* അടയാളമിട്ട ചോദ്യം.

** മറുപടി ലഭിക്കുന്നതിനുള്ള തീയതി.